(ഡി) 1958-ലെ മണിലെൻഡിംഗ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1) പ്രകാരം കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ സ്വകാര്യ പണമിടപാടുകാർ ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത നിയമം വകുപ്പ് 11 പ്രകാരം അക്കൗണ്ടിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ തുക കടം നൽകുകയോ കൂടുതൽ പലിശ ഈടാക്കുകയോ ചെയ്താൽ അത് 6 മാസം തടവോ ആയിരം രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

(ഇ) 2004-ലെ ധനകാര്യ ബില്ലിൽ മണിലെൻഡേഴ്സ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1)-ൽ വരുത്തിയ ഭേദഗതി പ്രകാരം കാലാകാലങ്ങളിൽ വിജ്ഞാപനം മുഖേന പലിശനിരക്ക് നിയന്ത്രിക്കുവാനുള്ള അധികാരം സർക്കാരിനുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ചിട്ടി നിയമത്തിൽ മാറ്റം വരുത്തൽ

32 [2001] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചിട്ടി നിയമത്തിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(സി) ഇത് കെ.എസ്.എഫ്.ഇ.-യെ എപ്രകാരം ബാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ശാഖകൾവഴി വ്യാജവായ്പ

33 [2002] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ വിവിധ ശാഖകൾവഴി വ്യാജ വായ്പകൾ നൽകി തട്ടിപ്പ് നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly